**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി**
**(സംഗ്രഹം)**

ഭരണ വിഭാഗം - ജീവനക്കാര്യം - ഫിലോസഫി വിഭാഗത്തിൽ ലീവ് വേക്കൻസിയിൽ അസിസ്റ്റന്റ് പ്രൊഫസറായി ജോലി ചെയ്യുന്ന ഡോ. ആർ ഷർമ്മിളയുടെ സേവനം 05.07.2012 മുതൽ റഗുലർ നിയമനമായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ (എ) വിഭാഗം**

നമ്പർ 7889/എഡി.എ3/2011/എസ്എസ്‌യുഎസ് തീയതി,കാലടി, 22.08.2019

പരാമർശം:- (1) 07.07.2012 ലെ ഇതേ നമ്പർ ഉത്തരവ്
(2) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) No. 6010/15, 7774/15,12960/15 നമ്പർ റിട്ട് പെറ്റീഷനുകളിലെ 22.02.2018 ലെ വിധി.
(3) ഡോ. ആർ ഷർമ്മിള ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച 480/18-ാം നമ്പർ പുന:പരിശോധനാ ഹർജിയിലെ 07.03.2019 ലെ വിധി.
(4) ഡോ. ആർ ഷർമ്മിള സമർപ്പിച്ച 13.03.2019 ലെ അപേക്ഷ.
(5) 29.07.2019 ൽ കൂടിയ 5/19(178)-ാം നമ്പർ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് (ഇനം നമ്പർ 2).

**<u>ഉത്തരവ്</u>**

സംസ്കൃത സർവകലാശാലയുടെ 23.12.2010 തീയതിയിലെ നോട്ടിഫിക്കേഷൻ പ്രകാരം ഡോ. ആർ ഷർമ്മിള ഫിലോസഫി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. തുടർന്ന് 19.07.2011 ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റ് പ്രകാരം ടിയാൾ രണ്ടാമതായിരുന്നു. ടി ഡിപ്പാർട്ട്മെന്റിലെ ഡോ. ഫൈസൽ എൻ എം ദീർഘകാല ശൂന്യവേതന അവധിയിൽ വിദേശത്തേയ്ക്കു പോയ ഒഴിവിൽ ഡോ. ആർ ഷർമ്മിളയ്ക്ക് പരാമർശം (1) പ്രകാരം ലീവ് വേക്കൻസിയിൽ നിയമനം നൽകിയിരുന്നു. ഡോ. ഫൈസൽ എൻ എം -ന്റെ ശൂന്യവേതന അവധി 27.01.2017 മുതൽ അഞ്ച് വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ലീവ് വേക്കൻസിയിൽ ഡോ. ആർ ഷർമ്മിളയെ തുടരാൻ അനുവദിക്കുകയും ചെയ്തിരുന്നു.

സർവകലാശാലയിൽ ലീവ് വേക്കൻസിയിൽ ലഭിച്ച നിയമനം സബ്സ്റ്റാന്റീവ് ഒഴിവായി കണക്കാക്കണമെന്ന ഡോ. ആർ ഷർമ്മിളയുടെ അപേക്ഷ ബഹുമാനപ്പെട്ട ഹൈക്കോടതി പരാമർശം (2) പ്രകാരമുള്ള വിധിയിൽ അംഗീകരിച്ചിരുന്നില്ല. തുടർന്ന് ടിയാൾ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ WP(C) No. 6010/2015-ാം നമ്പർ വിധിയ്ക്കെതിരെ നൽകിയ ഹർജ്ജിയിൽ ഡോ. ആർ ഷർമ്മിള 2012 മുതൽ തുടർച്ചയായി സേവനമനുഷ്ഠിച്ചിരുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ അവകാശവാദം പരിഗണിക്കുന്നതിന് WP(C) No. 6010/2015-ാം നമ്പർ റിട്ട് പെറ്റീഷനിലെ വിധി തടസ്സമല്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പരാമർശം (3) പ്രകാരമുള്ള വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

Scanned by CamScanner

ഇതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം ഡോ. ആർ ഷർമ്മിള സർവകലാശാലയിൽ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ടി വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും, 29.07.2019 ൽ കൂടിയ 5/19(178-ാമത്) സിൻഡിക്കേറ്റ് യോഗം പരാമർശം (5) പ്രകാരം പുന:പരിശോധനാ ഹർജിയിലെ വിധിയുടെയും ഡോ. ആർ ഷർമ്മിളയുടേയും അപേക്ഷയുടെയും അടിസ്ഥാനത്തിൽ ടിയാൾക്ക് ഫിലോസഫി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ സ്കെയിൽ ഓഫ് പേ നൽകി ലീവ് വേക്കൻസിയിൽ നിയമനം നൽകിയ 05.07.2012 മുതൽ ടി നിയമനം റഗുലർ നിയമനമായി അംഗീകരിച്ച് തുടരുവാൻ അനുവദിക്കാനും ടി വിഭാഗത്തിൽ നിലവിലുള്ള അദ്ധ്യാപകരുടെ സീനിയോരിറ്റി അവകാശങ്ങൾക്ക് മാറ്റമുണ്ടായിരിക്കുന്നതല്ല എന്നും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

പ്രസ്തുത സിൻഡിക്കേറ്റ് തീരുമാനം നടപ്പിലാക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ഡോ. ആർ ഷർമ്മിളയെ ഫിലോസഫി വിഭാഗത്തിൽ നിലവിലുള്ള സീനിയോരിറ്റി അവകാശങ്ങളിൽ മാറ്റമുണ്ടാകാത്ത തരത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ സ്കെയിൽ ഓഫ് പേ നൽകി ലീവ് വേക്കൻസിയിൽ നിയമനം നൽകിയ 05.07.2012 മുതലുള്ള ടിയാളുടെ നിയമനം റഗുലർ നിയമനമായി അംഗീകരിച്ച് തുടരാൻ ബഹു.വൈസ് ചാൻസലർ അനുമതി നൽകിയിട്ടുണ്ട്.

അപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ.പി. ഉണ്ണികൃഷ്ണൻ
രജിസ്ട്രാർ ഇൻചാർജ്ജ്

ശരിപ്പകർപ്പ്

ഡോ. ആർ ഷർമ്മിള
വകുപ്പദ്ധ്യക്ഷൻ, ഫിലോസഫി പഠന വിഭാഗം
ബിൽ (എ) വിഭാഗം

പകർപ്പ്

വൈസ് ചാൻസലർ/പ്രോ വൈസ് ചാൻസലർ/രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
ഭരണ വിഭാഗം ജോയിന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് രജിസ്ട്രാർ
ധനകാര്യ വിഭാഗം ജോയിന്റ് രജിസ്ട്രാർ
കെ.എസ്.എ/ഐ.ക്യു.എ.സി
പേഴ്സണൽ ഫയൽ/ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned by CamScanner